ചികിൽസാ ധനസഹായം

145 [3846] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായം നൽകുന്ന പദ്ധതിയിൽ 2001 മേയ് മുതൽ ഇതുവരെ എത്ര അപേക്ഷകളിൽ സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര അപേക്ഷകളിൽ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിനായി എന്ത് തുക അനുവദിച്ചുവെന്നും എന്ത് തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) 19/05 തീയതി 3-1-2005 പ്രകാരം ശ്രീ. സി. സി. കോരൻ എന്ന അപേക്ഷകന് എന്തുതുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശ്രീ. കോരന്റെ ചികിൽസാസഹായത്തിനുള്ള അപേക്ഷ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി മണി എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) 2003 വർഷത്തിൽ നൽകിയ അപേക്ഷയിൽ തീരുമാനം എടുത്തു ഉത്തരവ് ഇറക്കാൻ 3-1-2005 വരെ വൈകാനുണ്ടായ കാരണം വെളിപ്പെടുത്തുമോ;

(എഫ്) അപേക്ഷ നൽകി ഒന്നര വർഷം കഴിഞ്ഞപ്പോൾ ശ്രീ. കോരൻ മരണപ്പെട്ടതിനാൽ ഇപ്പോൾ തുക ഭാര്യയ്ക്ക് നൽകാൻ കഴിയില്ല എന്ന തടസ്സം ഉന്നയിക്കുന്നതിനടിസ്ഥാനമായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ 5,086 അപേക്ഷകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 15,431 അപേക്ഷകളിലും ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 1,083 അപേക്ഷകളിൽ 52,23,350 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,00,000 രൂപ വിതരണം ചെയ്യുവാനുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 803 അപേക്ഷകളിൽ 2,42,000 രൂപ അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും വിതരണം ചെയ്തിട്ടുമുണ്ട്.

(സി) ശ്രീ. സി. സി. കോരന് 15,000 രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 7-8-2003-ലാണ് സമർപ്പിച്ചത്.

(ഇ) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ സഹിതം ശ്രീ. കോരന്റെ അപേക്ഷ 21-12-2004-ലാണ് സർക്കാരിൽ ലഭിച്ചത്. ധനസഹായം അനുവദിച്ചുകൊണ്ട് 3-1-2005-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(എഫ്) 26-8-2003-ൽ ശ്രീ. കോരൻ മരണപ്പെട്ടു. നിലവിലുള്ള നിയമ പ്രകാരം രോഗി മരണമടഞ്ഞതിനുശേഷം ചികിൽസാ ധനസഹായം അനുവദിച്ചു നൽകുവാൻ നിർവാഹമില്ല.

പട്ടിക വിഭാഗക്കാർക്ക് ചികിൽസാ ധനസഹായ പദ്ധതി

146 [3847] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് ചികിൽസാധനസഹായം നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ക്യാൻസർ, ഹൃദ്രോഹം തുടങ്ങിയ രോഗങ്ങൾ ബാധിച്ച പട്ടിക വിഭാഗക്കാരുടെ ചികിൽസയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പട്ടികജാതിവിഭാഗക്കാർക്ക് ചികിൽസാ ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

(ബി) & (സി) ചികിൽസാ ധനസഹായ പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. എന്നാൽ ക്യാൻസർ, ഹൃദ്രോഹം തുടങ്ങിയ മാരക രോഗങ്ങൾക്ക് ചികിൽസാ ധനസഹായം നൽകുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി പരിഗണനയിലുണ്ട്.

കുന്ദമംഗലത്തെ നിലപാടുതറ

147 [T3848] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തെ പട്ടികജാതിക്കാരുടെ തർക്കങ്ങൾ പറഞ്ഞുതീർക്കുന്നതിനും മറ്റു കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ബ്രിട്ടീഷ് ഭരണകാലത്ത് അനുവദിച്ചിരുന്ന നിലപാടുതറ സജ്ജീവമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly